(vii) പ്രത്യേക സാഹചര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിക്കുന്ന വാടക സ്വീകരിച്ചുകൊണ്ട് ജില്ലാ സൈനിക ക്ഷേമ ഓഫീസുകൾക്ക് പ്രവർത്തന ത്തിനാവശ്യമായ ഇടം നൽകുക.

(viii) ലഭ്യതയ്ക്കനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിലെയും വിമുക്തഭടൻമാർക്ക് ആവശ്യാനുസരണം താമസ സൗകര്യമൊരുക്കുക.

സ്വാതന്ത്ര്യ സമര സേനാനികൾക്ക് ഫെസ്റ്റിവൽ അലവൻസ്

73 [3770] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമര സേനാനികൾക്ക് കേന്ദ്ര സർക്കാർ എത്ര ശതമാനം ഡി. എ. യാണ് ഇപ്പോൾ നൽകിവരുന്നത്; സംസ്ഥാനത്ത് ഇപ്പോൾ എത്ര ശതമാനം ഡി. എ. നൽകുന്നു;

(ബി) കുടിശ്ശികയായ ഡി.എ. അടിയന്തിരമായി അനുവദിക്കണമെന്ന സ്വാതന്ത്ര്യ സമരസേനാനികളുടെ അപേക്ഷയിൻമേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) സ്വാതന്ത്ര്യ സമര സേനാനികൾക്ക് ഫെസ്റ്റിവൽ അലവൻസ് നൽകണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് തീരുമാനമെടുത്തു വെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 44% ഡി. എ. യാണ് കേന്ദ്ര സർക്കാർ ഇപ്പോൾ നൽകി വരുന്നത്. സംസ്ഥാനത്ത് ഇപ്പോൾ 20% ഡി.എ. നൽകിവരുന്നു.

(ബി) അപേക്ഷ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

(സി) നിവേദനം ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഖാദി-ഹിന്ദി പ്രചാരകർക്ക് സ്വാതന്ത്ര്യ സമര പെൻഷൻ

74 [3771] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഖാദി-ഹിന്ദി പ്രചാരകർക്ക് സ്വാതന്ത്ര്യസമര പെൻഷൻ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ഈ പെൻഷൻ നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്രപേർക്ക് ഈ പദ്ധതി പ്രകാരം പെൻഷൻ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇവർക്ക് നൽകിവരുന്ന പെൻഷൻ തുക എത്രയാണ്;

(സി) ഈ പദ്ധതിപ്രകാരം തൃശ്ശൂർ ജില്ലയിൽ നിന്ന് എത്രപേരെ പെൻഷൻ നൽകുന്നതിനായി തീരുമാനിച്ചിട്ടുണ്ട്;

(ഡി) ഈ പെൻഷന് അർഹരായവർ 80 വയസ്സ് കഴിഞ്ഞ വയോവൃദ്ധരാണെന്ന വസ്തുത കണക്കിലെടുത്ത് ഇവർക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) 1. ശ്രീ. ഇക്കണ്ട വാര്യർ, ഗീതാ നിവാസ്,
പി. ഒ. അവിണിശ്ശേരി, തൃശ്ശൂർ.

2. വി. വി. ഔസേപ്പ്, വല്ലച്ചിറക്കാരൻ,
പി. ഒ. അവണിശ്ശേരി, തൃശ്ശൂർ.

3. വി. ജി. രാമകൃഷ്ണൻ, വടക്കേമേപ്പുള്ളി,
പി. ഒ. അവിണിശ്ശേരി, തൃശ്ശൂർ.

4. ടി. എൻ. രാമൻ എഴുത്തച്ഛൻ, തെക്കേമേപ്പുള്ളി പി. ഒ., അവിണിശ്ശേരി

എന്നിവർക്ക് ഖാദി-ഹിന്ദി പ്രചാരകർക്കുള്ള പെൻഷൻ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെൻഷൻ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 1-12-2004 മുതൽ നൽകാൻ ഉത്തരവായിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം 72 പേർക്ക് പെൻഷൻ നൽകാൻ ഉത്തരവായിട്ടുണ്ട്. 1000 രൂപയാണ് പെൻഷൻ തുകയായി നൽകാൻ ഉത്തരവായിട്ടുള്ളത്.

(സി) ഈ പദ്ധതിപ്രകാരം തൃശ്ശൂർ ജില്ലയിൽ നിന്നും ആരെയും പെൻഷൻ നൽകുന്നതിനായി തീരുമാനിച്ചിട്ടില്ല.

(ഡി) ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

(ഇ) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly